LIBRARY ARCHIVES Kerala Legislative Assembly

തീരദേശ പരിപാലന നിയമം

117 [1950] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം അനുസരിച്ചുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വസ്തു ഇല്ലെങ്കിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ സ്ഥലം വാങ്ങി വീട് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ഇൻഡ്യൻ ഇക്കണോമിക് സോണിനുള്ളിലുള്ള മത്സ്യസമ്പത്ത്

118 [1951] *ശ്രീ. ജോർജ് ജെ. മാത്യു:*
,, ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരക്കടലിൽ ഇൻഡ്യൻ ഇക്കണോമിക് സോണിലുള്ള മത്സ്യസമ്പത്തിന്റെ വൈപുല്യത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സീസണിലും ഈ ഭാഗത്ത് എത്രമാത്രം മത്സ്യം ലഭ്യമാണ്;

(സി) ഈ മത്സ്യസമ്പത്ത് പിടിച്ചെടുക്കുവാൻ എത്ര നാടൻ വള്ളങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ എന്നിവ ആവശ്യമായിവരുന്നു;

(ഡി) ഇപ്പോൾ ഉള്ള ഇത്തരം യാനങ്ങൾ ഇതിന് പര്യാപ്തമാണോ എന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയിട്ടുണ്ട്.

(ബി) ഓരോ സീസണിലുമുള്ള മത്സ്യലഭ്യതയുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) ഈ മത്സ്യസമ്പത്ത് പിടിച്ചെടുക്കുവാൻ എത്ര യാനങ്ങൾ വേണ്ടിവരും എന്ന് കണക്കാക്കിയിട്ടില്ല.

(ഡി) ഇപ്പോഴുള്ള എല്ലാ യാനങ്ങളും ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമല്ല.

ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ സുനാമി സംബന്ധിച്ച പഠനം

119 [1952] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

,, *ടി. കെ. ദേവകുമാർ:*

,, *മഞ്ഞളാംകുഴി അലി:*

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി സുനാമിക്കുശേഷം മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നതിനെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്;

(ബി) കേരളതീരപ്രദേശത്ത് ഈ വർഷം കടലാക്രമണം രൂക്ഷമായി കാണപ്പെടുന്നത് സുനാമി സംഭവിച്ചതുമൂലമാണോ; ഇതിനെക്കുറിച്ച് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) ഈ ഭാഗത്ത് കടലാക്രമണങ്ങൾ തടയുന്നതിനായി ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly